<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596</u> <u>05-08-2021 - ൽ മറുപടിയ്ക്ക്</u>

<u>കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ഒ എസ് അംബിക | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്ക്കരണ ത്തിനും ഭാഗികമായ യന്ത്ര വത്കരണത്തിനുമായി കേരള കശുവണ്ടി വികസന കോർപ്പറേഷനിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു: കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായ് അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാ വശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ്റും, വായനാ മുറി, ആധുനിക സാകര്യങ്ങളോട്ടു കൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലെറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ്ക്യാമറകൾ, ചുമട് അനായസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നിവ നടപ്പിലാക്കിയിരുന്നു. കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5.19 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പുനർനിർമ്മിക്കുകയും, കാപ്പെക്സ് ഹെഡോഫീസും 10 ഫാക്ടറികളും, പാക്കിംഗ് |

| | | | |
|---|---|---|---|
| | | | സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് സി.സി.ടിവികൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽആവശ്യമായ ടോയ്‌ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയുമുണ്ടായി. |
| (ബി) | അടഞ്ഞുകിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് പ്രസ്തുത കാലയളവിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും അതുവഴി എത്ര ഫാക്ടറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞു കിടക്കു കയായിരുന്ന കശുവണ്ടി വികസനകോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികൾ 2016 ആഗസ്റ്റ് മുതലാണ് പ്രവർത്തനം പുനരാരംഭിച്ചത്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാന ത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പു വരുത്തുന്നതിനായി 2017 ൽ കേരളാ കാഷ്യൂ ബോർഡിന് രൂപം നൽകിയിരുന്നു. പ്രസ്തുത സ്ഥാപനം മുഖേന കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിപ്പിക്കാൻ സാധിച്ചിരുന്നു. കേരള കാഷ്യൂ ബോർഡ് വഴി ഇറക്കുമതി ചെയ്ത ഏകദേശം 19365.896 മെട്രിക് ടൺ തോട്ടണ്ടി ഉപയോഗിച്ച് കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിരുന്നു. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും |

| | | | |
|---|---|---|---|
| | | | കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പ് വരുത്തിയിരുന്നു. കശുവണ്ടി ഫാക്ടറികളിലെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം എന്നിവയ്ക്കായി സർക്കാർ ബഡ്ജറ്റിൽ അനുവദിച്ചു നൽകിയ തുക വിനിയോഗിച്ച് ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കശുവണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി, എന്നീ ഫാക്ടറികളിലായി 25 ഏക്കൽ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട പദ്ധതിയിൽപ്പെടുത്തി അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ കട്ടിംഗിൽ ഉൾപ്പെടെ 3000ത്തോളം തൊഴിലാളികളെ പുതുതായി ഈ കാലയളവിൽ കോർപ്പറേഷനിൽ ജോലിയ്ക്ക് എടുത്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ വഴി കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും അധീനതയിലുള്ള കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയിൽ പ്രതിസന്ധിയിലായിരുന്ന കശുവണ്ടി ഫാക്ടറികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബാങ്കുകളുമായി ചർച്ച നടത്തിയതിന്റെ ഫലമായി, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശഗ്യാരന്റിയായി നൽകിയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ അധിക വായ്പ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20 ലെ പലിശയായി 9 ശതമാനം സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കു ന്നതാണ്. |
| (സി) | കശുവണ്ടി ഫാക്ടറികളുടെ ആധുനികവത്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ? | (സി) | കശുവണ്ടി ഫാക്ടറികളുടെ ആധുനിക വൽക്കരണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷം 8.75 കോടി രൂപയും 2012-13 ൽ 7.9 കോടിയും 2017-18 ൽ 40 കോടിയും 2020-21ൽ |

| | | | |
|---|---|---|---|
| | | | 13.5 കോടി രൂപയും കശുവണ്ടി വികസന കേർപ്പറേഷന് അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാ വശ്യമായ ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ്റും, വായനാ മുറി, ആധുനിക സൗകര്യങ്ങളോടു കൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലെറ്റ് ബ്ലോക്കുകൾ, അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചുമട് അനായസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക്ആവശ്യമായ തൊട്ടിൽപ്പുര എന്നിവ കോർപ്പറേഷനിൽ നടപ്പിലാക്കിയിരുന്നു. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്ക്കരണ ത്തിനുമായി അനുവദിച്ച 5.19 കോടി രൂപ വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർമ്മിക്കുകയും, കാപ്പെക്സ് ഹെഡ്ഡോഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ് വെയർ കൊണ്ട് സി.സി ടിവികൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്‌ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ